**ശ്രദ്ധ ക്ഷണിക്കൽ**

(1) വേമ്പനാട്ടുകായലിലേയ്ക്കുള്ള തോടുകൾ ശുദ്ധീകരിക്കുന്നതിനുള്ള പദ്ധതി

ശ്രീ. തോമസ് കെ. തോമസ്: സർ, നമ്മുടെ ആറുകളിലെയും തോടുകളിലെയും മണൽ നീക്കം ചെയ്തിട്ട് 30 വർഷത്തോളമായി. ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ കടവുകൾ ലേലം ചെയ്ത് ആറ്റുമണൽ വില്ക്കുന്നൊരു കാലഘട്ടമുണ്ടായിരുന്നു. അതിലൂടെ ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും സുഗമമായ രീതിയിൽ ജല നിർഗ്ഗമനത്തിനും സാധിച്ചിരുന്നു. തന്മൂലം കനത്ത മഴയുണ്ടാകുമ്പോൾപ്പോലും വെള്ളത്തിന്റെ കെടുതികൾ നിയന്ത്രണവിധേയമായിരുന്നു. എന്നാൽ ഇപ്പോൾ റിസർവോയറുകളിൽ മണലടിഞ്ഞ് ജലസംഭരണ ശേഷി വലിയ തോതിൽ കുറഞ്ഞിരിക്കുകയാണ്. വൃഷ്ടി പ്രദേശങ്ങളിൽ മഴ ശക്തമാകുമ്പോൾ പലപ്പോഴും ഷട്ടറുകൾ തുറന്ന് ജലം ഒഴുക്കികളയേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ആലപ്പുഴ ജില്ലയിലെ ഏഴ് നിയോജകമണ്ഡലങ്ങളിലെ ജനവിഭാഗമാണ് വെള്ളപ്പൊക്കത്തിന്റെ ഏറ്റവും കൂടുതൽ കഷ്ടതയനുഭവിക്കുന്നത്. ആദരണീയനായ മന്ത്രി ശ്രീ. സജി ചെറിയാന്റെ മണ്ഡലം മുതൽ എന്റെ പ്രിയ സഹോദരിയായ ശ്രീമതി ദെലീമയുടെ അരൂർ

വരെയുള്ള പ്രദേശങ്ങൾ ജല നിർഗ്ഗമന മാർഗ്ഗത്തിന് ഏറ്റവും കൂടുതൽ തടസ്സം സൃഷ്ടിക്കുന്ന സ്ഥലങ്ങളാണ്. കുട്ടനാടൻ പ്രദേശത്ത് (അപ്പർ കുട്ടനാടും ലോവർ കുട്ടനാടും) അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ എന്നിങ്ങനെ നാല് നദികളാണ് ഒഴുകുന്നത്. അച്ചൻകോവിലാറും പമ്പയും കൂടിച്ചേർന്ന് വീയപുരത്തുകൂടിയും ആദരണീയനായ ശ്രീ. എച്ച്. സലാമിന്റെ മണ്ഡലത്തിലൂടെയും എന്റെ മണ്ഡലത്തിലൂടെയും ഒഴുകി വേമ്പനാട് കായലിൽ എത്തിച്ചേരുന്നു. വളരെ നല്ല രീതിയിൽ ഈ കാലങ്ങളിൽ മണ്ണ് നീക്കം ചെയ്തതുകൊണ്ട് ഒരു പരിധിവരെ കഴിഞ്ഞ വെള്ളപ്പൊക്കത്തിൽനിന്നും ഞങ്ങൾക്ക് രക്ഷപ്പെടാൻ സാധിച്ചിട്ടുണ്ട്. അതൊരു തുടർപ്രക്രിയയായിരുന്നെങ്കിൽ മാത്രമേ കാര്യങ്ങൾ നടക്കുകയുള്ളൂ. എന്നാൽ പലപ്പോഴും പ്രവർത്തനം നിലച്ചുപോകുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് വേമ്പനാട് കായലായാലും തോട്ടപ്പള്ളിയായാലും തണ്ണീർമുക്കമായാലും വേണ്ട രീതിയിൽ കാര്യങ്ങൾ ചെയ്തെങ്കിൽ മാത്രമേ നല്ലരീതിയിൽ മുന്നോട്ട് പോകുകയുള്ളൂ. കുട്ടനാടിന്റെ ഏറ്റവും വലിയ വിഷയമെന്ന് പറയുന്നത് തോടുകളിൽ അടഞ്ഞുകൂടിക്കിടക്കുന്ന പായലുകളും എക്കലുകളുമാണ്. ഇത് അടിയന്തരമായി നീക്കം ചെയ്യേണ്ടതാണ്.

ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിൽ പഞ്ചായത്തുകൾ നേതൃത്വം വഹിച്ചുകൊണ്ട് ചെയ്തെങ്കിൽ മാത്രമേ നല്ലരീതിയിൽ കാര്യങ്ങൾ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. അതുപോലെ കുട്ടനാട്ടിലെ ചെറിയ തോടുകൾ അതിൽ ഇഞ്ചംതോടുകൾ പ്രവർത്തിക്കുന്ന തോടുകൾ..... കാരണം അതിന്റെയെല്ലാം പ്രശ്നമെന്തെന്നാൽ വയലുകളിൽ നിന്നുള്ള മാലിന്യങ്ങൾ തോടുകളിലേയ്ക്ക് അടിയുന്നത് ധാരാളം പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്...

ശ്രീ. തോമസ് കെ. തോമസ്: സർ, അങ്ങനെ ജലം മലിനമായി തീരുന്നുണ്ട്. ഇങ്ങനെയുള്ള ജലമാണ് മനുഷ്യർ ഉപയോഗിക്കുന്നത്. എം.എൽ.എ. എന്ന നിലയിൽ ഞാൻ നേരിട്ടുപോയി കണ്ടിട്ടുള്ളതാണ്. അടിയന്തര പ്രാധാന്യം നല്കി ഇക്കാര്യങ്ങൾ പരിഹരിക്കണം. ചെറിയ തോടുകളിലെയും വലിയ തോടുകളിലെയും മണലും പായലും പോളയും അടിയന്തരമായി നീക്കം ചെയ്യണം. മുമ്പ് തോടുകളിൽക്കൂടി ബോട്ടുകൾ സഞ്ചരിച്ചിരുന്നു.

മി. സ്പീക്കർ: യെസ്... യെസ്...

ശ്രീ. തോമസ് കെ. തോമസ്: സർ, ധൃതി കൂട്ടരുത്...

മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കലിനെല്ലാം നിശ്ചിത സമയമുണ്ട് അതുകൊണ്ടാണ്. പെട്ടെന്ന് പറഞ്ഞു തീർക്കു...

ശ്രീ. തോമസ് കെ. തോമസ്: സർ, ഇത് പറഞ്ഞെങ്കിൽ മാത്രമല്ലേ ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലാകുകയുള്ളൂ. എന്തെങ്കിലും നേടിയെടുക്കണ്ടേ. ചോദ്യോത്തരവേളയിൽ അവസരം ലഭിക്കുന്നതുതന്നെ കേരളാ ലോട്ടറി അടിക്കുന്നതുപോലെയാണ്. അങ്ങയുടെ ഭാഗത്തുനിന്നും അങ്ങനെപോലുമുണ്ടാകുന്നില്ല. ഞാൻ വിചാരിച്ചത് എന്റെ കമ്പ്യൂട്ടറിന്റെ പ്രശ്നം കാരണമായിരിക്കുമെന്നാണ്.

മി. സ്പീക്കർ: എത്ര തവണ അവസരം ലഭിച്ചുവെന്ന് കൃത്യമായി സ്ക്രീനിലുണ്ട്.

ശ്രീ. തോമസ് കെ. തോമസ്: സർ, പക്ഷേ എനിക്ക് മനസ്സിലായി. എന്റെ ഇടത്തും വലത്തുമിരിക്കുന്നവർക്കെല്ലാം അവസരം കിട്ടുന്നുണ്ട്. അതുകൊണ്ട് ഇത് ചോദിക്കാൻ അനുവദിക്കണം. മണലും പായലും പോളയും നീക്കം ചെയ്താൽ മാത്രമേ ശരിയാകുകയുള്ളൂ. ആദരണീയനായ മന്ത്രിയുടെ നേതൃത്വത്തിൽ എം.എൽ.എ.-യ്ക്കും അവകാശം നൽകി പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് നല്ല രീതിയിൽ

പ്രവർത്തിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിൽ കൂടി ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് കുട്ടനാടിനെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യമാണ്. പമ്പ, അച്ചൻകോവിൽ, മണിമല എന്നീ മൂന്നു നദികളിൽ നിന്നുള്ള ജലം വിവിധ കൈവഴികൾ വഴി വേമ്പനാട് കായലിലേയ്ക്കും അറബിക്കടലിലേയ്ക്കും എത്തിച്ചേരുന്നത് കുട്ടനാട് മേഖലയിൽ കൂടിയാണ്. കായലിൽ നിന്ന് നദികളിലേയ്ക്കുള്ള ജലപ്രവാഹം പ്രധാനമായും മൂന്ന് വഴികളിൽ കൂടിയാണ്. തണ്ണീർമുക്കം ബാരേജ്, തോട്ടപ്പള്ളി സ്പിൽവേ, തൃക്കുന്നപ്പുഴ ലോക്ക്. കുട്ടനാട്ടിലെ ജലം അറബിക്കടലിലേയ്ക്ക് ഒഴുകുന്നത്...... ആറ്, കായൽ, തോട് എന്നിവയിൽ നിന്നും 2018-ലെ വെള്ളപ്പൊക്കത്തിലും തുടർന്നും അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മറ്റും കൃത്യമായ ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ നീക്കം ചെയ്യേണ്ടത് അനിവാര്യമാണ്. അല്ലാത്തപക്ഷം നദികളുടെ ആവാഹന ശേഷി കുറയുന്നതിനും മണൽതിട്ടകൾ രൂപപ്പെടുന്നതിനും നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുന്നതിനും ദിശമാറി ഒഴുകി വെള്ളപ്പൊക്കം സൃഷ്ടിക്കുന്നതിനും

കാരണമാകും. കുട്ടനാട്ടിലെ നദികളിലെ നീരൊഴുക്ക് സുഗമമാക്കാൻ വീയപുരം മുതൽ തോട്ടപ്പള്ളി വരെ ലീഡിംഗ് ചാനലിലെ മണലും ചെളിയും നീക്കി ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി നടന്നുവരുന്നുണ്ട്. തോട്ടപ്പള്ളി സ്പിൽവേ മുതൽ പൊഴി വരെയുള്ള മണൽ താൽപര്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ കെ.എം.എം.എൽ. വഴി നീക്കി ആഴം വർദ്ധിപ്പിച്ച് കടലിലേയ്ക്കുള്ള ഒഴുക്ക് സുഗമമാക്കുന്നുണ്ട്. കുട്ടനാട്, അപ്പർകുട്ടനാട് മേഖലകളിലെ വെള്ളക്കെട്ട് പരിഹരിക്കാൻ പ്രധാന നദികളിലേയും അവയുടെ കൈവഴികളിലേയും മണ്ണും ചെളിയും നീക്കം ചെയ്ത് ബണ്ട് ഉയർത്തി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. അതിനായി 59.1 കോടി രൂപയുടെ 14 പ്രവൃത്തികൾ സർക്കാർ പരിശോധിച്ചു വരികയാണ്. കുറിച്ചിക്കൽ മുതൽ തോട്ടപ്പള്ളി പൊഴി വരെയുള്ള പമ്പയാറിന്റെ ലീഡിംഗ് ചാനലിന്റെ ഇരു കരകളുടെയും സംരക്ഷണത്തിന് രണ്ട് പ്രോജക്ടുകൾക്ക് 70.30 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തിക്ക് കരാർ ആയിട്ടുള്ളതുമാണ്. മണിമലയാർ, അപ്പർ കുട്ടനാട് ഭാഗത്തെ കൈവഴികളിലേയ്ക്കും കൈത്തോടുകളിലേയ്ക്കും ഒഴുകിയെത്തുന്ന മണലും മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തികൾ പുഴ പുനരുദ്ധാരണ

പ്രവർത്തനങ്ങളുടെ ഭാഗമായി 2021-ലെ പ്രളയാനന്തരം ചെയ്തിട്ടുള്ളതും അതുവഴി നീരൊഴുക്ക് സുഗമമാക്കുന്നതിനും പ്രളയ സാധ്യത ലഘൂകരിക്കുന്നതിനും സാധിച്ചിട്ടുള്ളതാണ്. അപ്പർ കുട്ടനാട് മേഖലകളിൽ മീനച്ചിലാറിലും കൊടൂരാറിലും ഒഴുകിയെത്തുന്ന എക്കലും മണലും മാലിന്യങ്ങളുംമൂലം നീരൊഴുക്ക് കുറയുകയാണ്. കൂടാതെ ഈ ഭാഗങ്ങളിൽ കുളവാഴയുടെ ശല്യംമൂലവും ഒഴുക്ക് തടസ്സപ്പെടാറുണ്ട്. ആയതിലേയ്ക്ക് ലഭിക്കുന്ന പരാതിയിന്മേൽ ഫണ്ട് ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നുണ്ട്. സമഗ്രമായ പദ്ധതിയിലൂടെ വേമ്പനാട് കായലിന്റെ ആഴം കൂട്ടിയാൽ നദികളിലെയും തോടുകളിലെയും നീരൊഴുക്ക് വർദ്ധിക്കുകയും ജലലഭ്യതയും ജലജന്യ രോഗനിവാരണവും ഉണ്ടാകുകയും ചെയ്യും. 2019-2020 സാമ്പത്തിക വർഷം മുതൽ പ്ലാൻ സ്കീം, നബാർഡ് ആർ.ഐ.ഡി.എഫ്., ബഡ്ജറ്റ് സ്പീച്ച് എന്നിവയിലുൾപ്പെടുത്തി കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറം ബണ്ട് ബലപ്പെടുത്തുന്നതിനും തോടുകളിൽ നിന്നും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണത്തിനും തോടുകളിലും നീർച്ചാലുകളിലും അടിഞ്ഞുകൂടിയ എക്കലും ചെളിയും

ഉപയോഗിച്ച് പുറംബണ്ട് ബലപ്പെടുത്തുന്നതിനും ആയതുമൂലം തോടുകളിലെയും നീർച്ചാലുകളിലെയും നീരൊഴുക്ക് സുഗമമാക്കാനും സാധിക്കുന്നുണ്ട്. 2024-25-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കുട്ടനാട്ടിലെ അടിസ്ഥാന സൗകര്യ വികസനത്തിന് 100 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ, കോട്ടയം ജില്ലകളിലെ പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കാൻ 57 കോടി രൂപയുടെ പ്രഖ്യാപനവും നടത്തിയിട്ടുണ്ട്. എ.സി. കനാൽ നീട്ടി കായലിലേയ്ക്ക് വെള്ളം ഒഴുക്കുകയെന്നത് പ്രധാനപ്പെട്ടൊരു കാര്യമായി കാണുന്നു. അതിനാവശ്യമായ ആലോചനാ യോഗം ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ സാന്നിദ്ധ്യത്തിൽ ചേർന്നിരുന്നു. അതിന്റെ ഭാഗമായി നെടുമുടി വരെ എ.സി. കനാൽ ദീർഘിപ്പിക്കുന്നതിനും പള്ളാതുരുത്തി വരെ അത് തുടർന്നുകൊണ്ടുപോകുന്നതിനാവശ്യമായ പഠനം നടത്താൻ ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്തുന്ന നിലയാണ് രൂപപ്പെട്ടിട്ടുള്ളത്. തോട്ടപ്പള്ളി സ്പിൽവേയിലൂടെ ജലനിർഗ്ഗമനം സുഗമമാക്കിയപ്പോൾ തന്നെ ഒരു പരിധിവരെ കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കാൻ സാധിച്ചു. ആ നിലയിൽ എ.സി. കനാലിനെക്കൂടി പ്രയോജനപ്പെടുത്തുവാൻ

കഴിയുമോയെന്ന് ചിന്തിക്കുന്നുണ്ട്. അതോടൊപ്പം ഇത്തരം കാര്യങ്ങളിൽ ഗ്രാമപഞ്ചായത്തുകളെ പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിൽ അവരുടെ ഫണ്ടുകളും സമയബന്ധിതമായി മാറ്റിവച്ച്, കുളവാഴയുൾപ്പെടെയുള്ള പായലുകൾ നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ അവസരമൊരുക്കാനും അതിനാവശ്യമായ നിർദ്ദേശങ്ങളും ചുമതലയും ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ ഏറ്റെടുക്കുന്നതിലും സന്തോഷമേയുള്ളൂ. ഇക്കാര്യത്തിൽ നല്ല രീതിയിലുള്ള പിന്തുണയാണ് കുട്ടനാടിന് ഈ ഗവൺമെന്റ് നല്കിയിട്ടുള്ളത്. കഴിഞ്ഞ കാല ഗവൺമെന്റുകളെ വച്ചുനോക്കുമ്പോൾ വളരെയേറെ പ്രാധാന്യവും ആവശ്യമായ തുകയും നല്കിയിട്ടുണ്ടെന്നുള്ളത് സഭയെ ബോദ്ധ്യപ്പെടുത്തുന്നു.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, കുട്ടനാട്ടിലെ അടിസ്ഥാന സൗകര്യ വികസനത്തിന് 100 കോടി രൂപ നീക്കിവച്ചത് സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. ഞാനൊരു എം.എൽ.എ. എന്നുള്ള നിലയിൽ അങ്ങയുടെ സാന്നിദ്ധ്യത്തിൽ, എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാരെയും പഞ്ചായത്ത് സെക്രട്ടറിമാരെയും ഉൾപ്പെടുത്തി നല്ലരീതിയിൽ ഒരു യോഗം ചേർന്ന് അടിയന്തരമായി പോളയും

മറ്റുകാര്യങ്ങളും നീക്കം ചെയ്യണം. അങ്ങ് പറഞ്ഞതുപോലെ, എ.സി. കനാൽ തുറക്കുന്നതിന് അടിയന്തരമായി തീരുമാനമുണ്ടാകണം. ചങ്ങനാശ്ശേരിയിലെയും ചെങ്ങന്നൂരിലെയും എം.എൽ.എ.-മാരെയും യോഗത്തിൽ ഉൾപ്പെടുത്തണം. അവരുടെ പേരുൾപ്പെടെ ഞാനിവിടെ പറയുകയും ചെയ്തു. ഉടയതമ്പുരാന്റെ ഒരു പ്രക്രിയയാണ് കടലിൽ കിടക്കുന്ന വെള്ളം പൊക്കിയെടുത്ത് തലയിലൊഴിച്ച് ഒഴുക്കിക്കൊണ്ടുവരുന്നത്. അത് ശരിയായ രീതിയിൽ ഒഴുകി പോകുന്നില്ലായെന്നതാണ് സങ്കടകരമായ അവസ്ഥ. അതിന് തടസ്സമായി നിൽക്കുന്ന എല്ലാ പ്രശ്നങ്ങളെയും മാറ്റാനുള്ള നടപടി എം.എൽ.എ.-മാരെക്കൂടി ഉൾപ്പെടുത്തി ചെയ്യണം. അത് പറയാനുള്ള കാരണം, പല കോൺട്രാക്ട് വർക്കുകളും നടക്കുന്നത് എം.എൽ.എ.-മാർ അറിയുന്നില്ല. കുട്ടനാട്ടിൽ നടക്കുന്ന എല്ലാ പ്രവൃത്തികളും എം.എൽ.എ.-മാർകൂടി അറിഞ്ഞ് ചെയ്യിക്കത്തക്ക രീതിയിൽ കൊണ്ടുവരാൻ ഒരു സംവിധാനമുണ്ടാകണമെന്നാണ് ആവശ്യപ്പെടുന്നത്. അതിൽ പഞ്ചായത്ത് പ്രസിഡന്റുമാരെയും പഞ്ചായത്ത് സെക്രട്ടറിമാരെയും ഉൾപ്പെടുത്തണമെന്ന നിർദ്ദേശം അങ്ങയുടെ മുന്നിൽവയ്ക്കുകയാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, പഞ്ചായത്ത് മെമ്പർമാരെയും

പ്രസിഡന്റിനെയും ഉൾപ്പെടുത്തി എം.എൽ.എ.-മാർ അതത് നിയോജകമണ്ഡലങ്ങളിൽ യോഗം വിളിച്ചുചേർത്ത് എം.എൽ.എ. ഫണ്ട്കൂടി സഹായകമായി നൽകാൻ തയ്യാറാണെങ്കിൽ, ജലസേചന വകുപ്പിൽനിന്ന് മെക്കാനിക്കൽ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി അതിനാവശ്യമായ നടപടി സ്വീകരിച്ച് സമയബന്ധിതമായി ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനാവശ്യമായ സഹായം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

(2) ഡോ. വന്ദന ദാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കേസന്വേഷണം

ശ്രീ. മോൻസ് ജോസഫ്: സർ, കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ഹൗസ് സർജനായിരുന്ന ഡോ. വന്ദന ദാസിനെ കൊലപ്പെടുത്തിയ കേസ് സി.ബി.ഐ. അന്വേഷിക്കണമെന്നാവശ്യപ്പെട്ട് മാതാപിതാക്കൾ സമർപ്പിച്ചിരിക്കുന്ന ഹർജി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരിഗണനയ്ക്കുവേണ്ടി സമർപ്പിക്കുകയാണ്. ഇക്കാര്യത്തിൽ ഹൈക്കോടതിയിൽ പരാതി സമർപ്പിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ നമ്പിച്ചിറ കാലായിൽ ശ്രീ. മോഹൻദാസിന്റെയും ശ്രീമതി വസന്തകുമാരിയുടെയും ഏകമകളാണ്

കൊല്ലപ്പെട്ട ഡോ. വന്ദന ദാസ്. കേരളത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിച്ച, നമ്മെയെല്ലാം വേദനയിലാഴ്ത്തിയ, ലോകംമുഴുവൻ ഒരുപോലെ കണ്ണീരൊഴുക്കിയ നിർഭാഗ്യകരമായ കൊലപാതകത്തിന് ആസ്പദമായ കാര്യങ്ങൾ പുറത്ത് കൊണ്ടുവരുന്നതിനുവേണ്ടി സത്യസന്ധമായ ഒരന്വേഷണം സി.ബി.ഐ.-യുടെ നേതൃത്വത്തിൽ നടക്കണമെന്നുള്ളതാണ് ആ കുടുംബവും പൊതുസമൂഹവും ഇന്ന് ആഗ്രഹിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇത്തരത്തിലുള്ള നിഷ്ഠൂരമായ കൊലപാതകങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ കർശനമായി ഇതിലെ കുറ്റവാളികൾ ശിക്ഷിക്കപ്പെടാൻ കഴിയുന്ന സാഹചര്യം ഉറപ്പുവരുത്തേണ്ടതുണ്ട്. അതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള എല്ലാ സഹകരണവും അഭ്യർത്ഥിക്കുകയാണ്. നിർഭാഗ്യവശാൽ ഹൈക്കോടതിയുടെ പരിഗണനയിൽ ഈ വിഷയം വന്നപ്പോൾ, സർക്കാർ വക്കീൽ എടുത്ത നിലപാട് ഇത് സി.ബി.ഐ.-യ്ക്ക് കൈമാറേണ്ടതില്ലായെന്നാണ്. അതേത്തുടർന്ന് കോടതി രൂക്ഷമായ വിമർശനങ്ങൾ നടത്താനിടയായ സാഹചര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടെന്ന് ഞാൻ കരുതുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ഹർജി തള്ളിയതിനുശേഷം ഡോ. വന്ദന

ദാസിന്റെ പിതാവ് ശ്രീ. മോഹൻ ദാസ് നടത്തിയ പരസ്യ പ്രതികരണത്തിൽ അദ്ദേഹം ചൂണ്ടിക്കാണിച്ച ചില വിഷയങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സർക്കാരും പോലീസും ഇക്കാര്യത്തിൽ ഗൂഢാലോചന നടത്തിയെന്ന് അദ്ദേഹം ആരോപിക്കുന്നു. സർക്കാരിനും പോലീസിനും എന്തോ മറച്ചുവയ്ക്കാനുള്ളതുകൊണ്ടാണ് സർക്കാർ സി.ബി.ഐ. അന്വേഷണത്തെ എതിർക്കുന്നതെന്ന് പിതാവ് ശ്രീ. മോഹൻദാസ് പറയുന്നു. ഡോ. വന്ദന ദാസ് 2023-ൽ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കുത്തേറ്റ് മരിച്ചത് നേരിട്ട് കണ്ടിട്ടും പോലീസ് പ്രതിയെ കീഴടക്കിയില്ലെന്നും ഡോ. വന്ദന ദാസ് ആവശ്യപ്പെട്ടിട്ടുപോലും പെട്ടെന്ന് വേണ്ട ചികിത്സ നൽകിയില്ലെന്നും പിതാവ് ശ്രീ. മോഹൻ ദാസ് പരാതിയിൽ പറയുന്നു. സമീപത്തെ ആശുപത്രിയിലെത്തിക്കാതെ തിരുവനന്തപുരത്തെ സ്വകാര്യആശുപത്രിയിൽ കൊണ്ടുപോകാൻ എന്തിനാണ് തയ്യാറായതെന്ന് അദ്ദേഹം അതിശയിച്ച് ചോദിക്കുന്നു. ഇടയ്ക്കുള്ള ആശുപത്രിയിൽ കയറാതിരുന്നത് സംശയത്തിനും ദുരൂഹതയ്ക്കും ഇടവരുത്തിയിരിക്കുകയാണ്. പോലീസിന്റെ ഭീഷണിമൂലമാണ് മകളുടെ കൂട്ടുകാരികളും സഹപ്രവർത്തകരും മൊഴിമാറ്റിപ്പറയാൻ ഇടയായതെന്നും

അദ്ദേഹം പരാതിപ്പെടുന്നു. തന്റെ മകൾക്ക് നാല് മണിക്കൂർ ചികിത്സ നിഷേധിച്ചതും ഇക്കാര്യത്തിലുണ്ടായിരിക്കുന്ന ദുരൂഹത നീക്കം ചെയ്യാൻ കഴിയാത്തതും ഈ കേസന്വേഷണം സി.ബി.ഐ.-യ്ക്ക് വിടണമെന്ന് ആവശ്യപ്പെടാൻ ഇടയാക്കുന്നുവെന്നാണ് അദ്ദേഹം പരാതിയിൽ ചൂണ്ടിക്കാണിച്ചത്. ഈ കേസിന്റെ തുടക്കം മുതൽ ദുരൂഹത നിലനിൽക്കുകയാണ്. മുറി പൂട്ടിയതിനെക്കുറിച്ച് ചോദിച്ചപ്പോൾ പ്രതി രക്ഷപ്പെടാതിരിക്കാനാണെന്നാണ് പോലീസ് പറയുന്നത്. വളരെ വിചിത്രമായ വിശദീകരണങ്ങളാണ് പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. പോലീസിന്റെ നിലപാടിൽ സംശയിക്കുന്നുവെന്ന് പറയുമ്പോൾ, പോലീസ് പ്രതിയെ അറസ്റ്റ് ചെയ്ത് ഹാജരാക്കുന്ന സാഹചര്യത്തിൽ കയ്യിൽ തോക്കില്ലായിരുന്നോയെന്ന് കോടതി പോലീസിനോട് ചോദിക്കുകയാണ്. നിങ്ങളെന്തുകൊണ്ടാണ് കയ്യുംകെട്ടി നോക്കി നിന്നത്; എന്തുകൊണ്ട് പ്രതികരിച്ചില്ലായെന്ന് ചോദിക്കുമ്പോൾ പോലീസിന് ഒരുത്തരവുമില്ല. പോലീസ് അറസ്റ്റ് ചെയ്ത് ഹാജരാക്കുന്ന പ്രതി മജിസ്ട്രേറ്റിനെ ആക്രമിച്ചാൽ എന്തുചെയ്യുമെന്ന് കോടതിയിൽ പൊതുചർച്ചയ്ക്ക് വരാനിടയായി. അതുപോലെയാണ്

ഇവിടെയും സംഭവിച്ചിരിക്കുന്നത്. ആ ഡോക്ടർ സത്യത്തിൽ ഡ്യൂട്ടിയിലുണ്ടായിരുന്നതല്ല. മറ്റുള്ളവരെ ചികിത്സിക്കാൻ വേണ്ടി അധികസമയം ജോലി ചെയ്തതാണ്. ഡോക്ടറാകാൻ ആഗ്രഹിച്ചതുകൊണ്ട് മാത്രം ഡോ. വന്ദന ദാസിന് ജീവൻ നഷ്ടപ്പെട്ടു. ആ സഹോദരിയെ നഷ്ടപ്പെട്ടുവെന്ന് പറയുന്നത് കേരളത്തിൽ ഏറ്റവും കൂടുതൽ മനസ്സാക്ഷിയെ വേദനിപ്പിച്ച സംഭവമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്നും ഈ വിഷയത്തിൽ ആദ്യംമുതൽ ഇടപെട്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഗവൺമെന്റിനോടും വിനീതമായി അഭ്യർത്ഥിക്കാനുള്ള ഒരു കാര്യം ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായ നിരുത്തരവാദപരമായ സമീപനവും ഇതിൽ എന്തൊക്കെയോ കള്ളക്കളികൾ നടന്നതായി പറയപ്പെടുന്ന വിഷയങ്ങളും പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ സി.ബി.ഐ. അന്വേഷണം എന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അനുകൂലമായൊരു നിലപാടുണ്ടാകണമെന്ന് വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാന്യനായ അംഗം ഉന്നയിച്ചത് കേരളത്തിലെ പൊതുസമൂഹത്തിന് നല്ലതുപോലെ

ധാരണയുള്ളൊരു കാര്യമാണ്. ഇവിടെ കാണേണ്ട വസ്തുത, കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ആതുരസേവനത്തിനിടെ ഡോ. വന്ദന ദാസ് ആക്രമണത്തിൽ കൊല്ലപ്പെട്ട സംഭവത്തിൽ സമഗ്രമായ അന്വേഷണം നടത്തി 90 ദിവസത്തിനുള്ളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ആ കേസുമായി ബന്ധപ്പെട്ട് പോലീസ് ചെയ്യേണ്ട നടപടികൾ ഒരു കാലതാമസവുമില്ലാതെ ചെയ്തുവെന്നുള്ളതാണ് ഇത് കാണിക്കുന്നത്.

ആക്രമണത്തിൽ ഗുരുതരമായ പരിക്കേറ്റ ഡോ. വന്ദന ദാസിനെ ഉടൻതന്നെ പോലീസ് കൊട്ടാരക്കരയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിക്കുകയുണ്ടായി. ഡോ. വന്ദന ദാസ് പഠിച്ചിരുന്ന മെഡിക്കൽ കോളേജ് മേധാവി അടക്കമുള്ള ഡോക്ടർമാരുടെയും സഹപാഠികളുടെയും അഭിപ്രായപ്രകാരമാണ് കാർഡിയോതൊറാസിക് സർജന്റെ സേവനമുൾപ്പെടെ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് ഡോ. വന്ദന ദാസിനെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. എത്രയുംവേഗം ചികിത്സ നൽകാനുള്ള ഇടപെടലാണ് പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായത്. സംഭവവുമായി ബന്ധപ്പെട്ട് കൊട്ടാരക്കര സ്റ്റേഷനിൽ ക്രൈം നമ്പർ 1202/2023 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു.

സംഭവ സ്ഥലത്തുവച്ച് പിടിയിലായ പ്രതിയെ കോടതി റിമാന്റ് ചെയ്തു. തുടർന്ന് കേസിൽ സമഗ്രമായ അന്വേഷണം ഉറപ്പാക്കുന്നതിന് കേസന്വേഷണം കൊല്ലം ജില്ലാ ക്രൈംബ്രാഞ്ചിന് കൈമാറി. വ്യക്തമായ തെളിവുകളും സി.സി.ടി.വി ദൃശ്യങ്ങളും പരിശോധിച്ച് കാര്യക്ഷമമായും സമയബന്ധിതമായും അന്വേഷണം പൂർത്തിയാക്കിയാണ് കൊല്ലം ജില്ലാ സെഷൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്. ഇതിനിടെയാണ് ഡോ. വന്ദന ദാസിന്റെ മാതാപിതാക്കൾ കേസന്വേഷണം തൃപ്തികരമല്ലെന്നും കേസ് സി.ബി.ഐ.-യ്ക്ക് വിടണമെന്നുമാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി സമർപ്പിക്കുന്നത്. ഇതിനോടകം അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കപ്പെട്ടതിനാലും മറ്റ് പ്രത്യേക കാരണങ്ങൾ കണ്ടെത്താൻ കഴിയാത്തതിനാലും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഹർജി നിരസിച്ചിട്ടുണ്ട്. ബഹുമാന്യനായ അംഗം ആ ഹൈക്കോടതി നിലപാടിനോടൊപ്പം നിൽക്കാതെ ഗവൺമെന്റ് സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിടണമെന്നാണ് പറയുന്നത്. എന്ത് അടിസ്ഥാനത്തിലാണ് ഉത്തരവിടുന്നത്; എല്ലാ കാര്യങ്ങളും കൃത്യമായി അന്വേഷിച്ച് കുറ്റപത്രം സമർപ്പിച്ചതാണ്. ആ കാര്യത്തെക്കുറിച്ച് പ്രത്യേകിച്ച്

പരാതികളൊന്നുമില്ല. നാം ശ്രദ്ധിക്കേണ്ടൊരു കാര്യം, ഇതുപോലുള്ള ദൗർഭാഗ്യകരമായ സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതുണ്ട് എന്നതാണ്. അതിന്റെ ഭാഗമായി 21-9-2023-ന് സർക്കാർ സമഗ്രമായ മെഡിക്കോ ലീഗൽ പ്രോട്ടോക്കോൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, സി.ബി.ഐ. അന്വേഷണത്തിലേയ്ക്ക് പോകാൻ ഇനി കഴിയാത്തൊരു സാഹചര്യമാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടിയിൽ ചൂണ്ടിക്കാണിച്ചത്. എന്നാൽ, അന്വേഷണവുമായി ബന്ധപ്പെട്ട് ഒരുപാട് പരാതികളും സംശയങ്ങളും നിഗൂഢതകളും മാതാപിതാക്കൾ ചൂണ്ടിക്കാണിക്കുകയാണ്. അതിന്റെ വസ്തുതകൾ പുറത്തുകൊണ്ടുവരണം. സമയബന്ധിതമായി കേസന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചുവെന്ന് അങ്ങ് ചൂണ്ടിക്കാണിച്ചത് ശരിയാണ്. അതിൽ പോലീസിന്റെ ഭാഗം സംരക്ഷിച്ചും പ്രതികളെ രക്ഷിക്കുന്നതുമാണെന്നാണ് പരാതി ഉയർന്നിരിക്കുന്നത്. ഈയൊരു സാഹചര്യത്തിൽ സി.ബി.ഐ.-യ്ക്ക് വിടാൻ കഴിഞ്ഞില്ലെങ്കിൽ സംസ്ഥാന ഗവൺമെന്റുതന്നെ ആഭ്യന്തരവകുപ്പിന്റെ കീഴിൽ സ്പെഷ്യൽ സ്ക്വാഡിനെയോ

ഏജൻസിയേയോവച്ച് ഈ ഉന്നയിക്കപ്പെട്ട പരാതികളുടെ നിജസ്ഥിതി പുറത്തുകൊണ്ടുവരാൻ കഴിയുന്നവിധം പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കാര്യങ്ങളെ സംബന്ധിച്ച് നിശ്ചയമില്ലാത്ത ഒരാളാണ് പറയുന്നതെങ്കിൽ അതിന്റെ ഭാഗമായി പറയുന്നതാണെന്ന് കണക്കാക്കാമായിരുന്നു. ബഹുമാന്യനായ അംഗം അങ്ങനെയൊരു ഗണത്തിൽപ്പെട്ട ആളല്ലാത്തതുകൊണ്ടാണ് എന്നെ ആശ്ചര്യപ്പെടുത്തുന്നത്. ഇവിടെ പറഞ്ഞ രീതിയിലുള്ള ഒരു പ്രത്യേക സ്ക്വാഡിന്റെ അന്വേഷണവും ഇനി ഇക്കാര്യത്തിൽ ആവശ്യമില്ല.